# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2359      19.07.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആഡംബര നികുതി പരിഷ്കരണം

| | ചോദ്യം<br><br>**ശ്രീ. പി. ഉബൈദുള്ള** | | ഉത്തരം<br><br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂ ഭവനനിർമ്മാണവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി ശാസ്ത്രീയമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; | (എ) | ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിൽ ആഡംബര നികുതി ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | 1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരം 01.04.1999 ന് ശേഷം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 278.7 ച.മീറ്ററും അതിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ളതുമായ എല്ലാ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും 2014 ലെ ധനകാര്യ ആക്ട് പ്രകാരം 01.04.2014 മുതൽ പ്രതിവർഷം 4000/- രൂപ ആഡംബരനികുതി ഇനത്തിൽ ഈടാക്കി വരുന്നു. ടി നികുതി എല്ലാ വർഷവും മാർച്ച് 31 ന് മുൻപായി മുൻകൂർ അടയ്ക്കേണ്ടതാണ്. |
| (സി) | പ്രസ്തുത നികുതി ഈടാക്കുന്നതിന് വരുമാന പരിധികൂടി ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ അതിനായി പ്രത്യേക സാമ്പത്തിക സർവ്വെ നടത്തുന്ന കാര്യം പരിഗണിക്കുമോ എന്നും വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ